**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5282** **21-03-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളുടെ ഓഫ് ക്യാമ്പസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യ/കല്പിത സർവകലാശാലകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് നിലവിൽ സ്വകാര്യ/കല്പിത സർവകലാശാലകൾ പ്രവർത്തിക്കുന്നില്ല. |
| (ബി) | സംസ്ഥാനത്തിനു പുറത്തുള്ള ഏതെങ്കിലും സ്വകാര്യ/കല്പിത സർവകലാശാലകളുടെ കേന്ദ്രങ്ങൾ/ഓഫ് ക്യാമ്പസ് സെന്ററുകൾ കേരളത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും പ്രസ്തുത ഓഫ് ക്യാമ്പസ് സെന്ററുകൾക്ക് യു.ജി.സി.യും സംസ്ഥാന സർക്കാരും നല്കിയ അനുമതിയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ബി) | ഉണ്ട്.<br>യു.ജി.സി.യുടെ അനുമതിയോടെ സ്വകാര്യ/കല്പിത സർവകലാശാലകളുടെ കേന്ദ്രങ്ങൾ/ഓഫ് ക്യാമ്പസ് സെന്ററുകൾക്ക് വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കാവുന്നതാണ്. |
| (സി) | ജെയിൻ ഡീംഡ് സർവകലാശാലയുടെ കേന്ദ്രം സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഓഫ് ക്യാമ്പസ് സെന്ററിന് യു.ജി.സി.യും സംസ്ഥാന സർക്കാരും നൽകിയ അനുമതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ജെയിൻ ഡീംഡ് സർവകലാശാലയുടെ കേന്ദ്രം സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഓഫ് ക്യാമ്പസ് സെന്ററിന് യു.ജി.സി. ആണ് അനുമതി നൽകിയിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്തെ പൊതു സർവകലാശാലകൾക്ക് സംസ്ഥാനത്തിനകത്തോ പുറത്തോ ഓഫ് ക്യാമ്പസ് സെന്ററുകൾ തുടങ്ങുന്നതിന് നിലവിൽ അനുമതിയുണ്ടോയെന്നു വ്യക്തമാക്കാമോ; പൊതു സർവകലാശാലകളെ സംസ്ഥാനത്തിനു പുറത്തും വിദേശ രാജ്യങ്ങളിലും ഓഫ് ക്യാമ്പസ് സെന്ററുകൾ തുടങ്ങുന്നതിൽ നിന്നും വിലക്കുന്നതിനുള്ള കാരണം വിശദമാക്കാമോ; | (ഡി) | സംസ്ഥാനത്തെ പൊതു സർവകലാശാലകൾക്ക് അവയുടെ ആക്റ്റ് പ്രകാരമുള്ള ഭൂപ്രദേശ പരിധിയിൽ മാത്രമാണ് സെന്ററുകൾ തുടങ്ങുന്നതിന് അനുമതിയുള്ളത്. |
| (ഇ) | നിർദ്ദിഷ്ട സ്വകാര്യ സർവകലാശാല ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്ത് ആരംഭിക്കുന്ന സ്വകാര്യ സർവകലാശാലകൾക്ക് സംസ്ഥാനത്തിനു പുറത്ത് ഓഫ് ക്യാമ്പസ് സെന്ററുകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നുണ്ടോയെന്നു വിശദമാക്കാമോ; | (ഇ) | സ്വകാര്യ സർവകലാശാലാ ബില്ലിലെ വ്യവസ്ഥകളനുസരിച്ച് സംസ്ഥാനത്ത് ആരംഭിക്കാൻ പോകുന്ന സ്വകാര്യ സർവകലാശാലകൾക്ക് സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തും ഓഫ് കാമ്പസ് സെന്ററുകൾ, പഠനകേന്ദ്രങ്ങൾ മുതലായവ തുടങ്ങാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ, 2025, സെക്ഷൻ 3 (1) പ്രകാരം ' യു.ജി.സി.യും ബന്ധപ്പെട്ട റെഗുലേറ്ററി ബോഡികളും അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ' സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തും ഓഫ്-കാമ്പസ് സെന്ററുകളും ഓഫ്-ഷോർ കാമ്പസുകളും പഠനകേന്ദ്രങ്ങളും ആരംഭിക്കുന്നതിനു സർവകലാശാലയ്ക്ക് അനുമതി നൽകാവുന്നതാണ്.' |
| (എഫ്) | പൊതു സർവകലാശാലകളെ ഓഫ് ക്യാമ്പസ് സെന്ററുകൾ തുടങ്ങുന്നതിൽ നിന്നും വിലക്കുന്നതു മൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഏത് രീതിയിലുള്ള പുരോഗതിയാണ് ലക്ഷ്യം വെക്കുന്നതെന്നു വിശദമാക്കാമോ? | (എഫ്) | അടിസ്ഥാന സൗകര്യ വികസനം, കരിക്കുലം പരിഷ്കരണം, വിദ്യാർത്ഥി സൗഹൃദ നടപടികൾ എന്നിവയിലൂടെ പൊതു സർവകലാശാലകളെ കൂടുതൽ മെച്ചപ്പെട്ട ഉന്നതവിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിന് പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Centres of Excellence, Translational Research Centres, Construction of Women's Hostel & International Hostel, Laboratory Complex, Indoor Stadium & Sports Complex തുടങ്ങിയ കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതികൾ സർവകലാശാലകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതു സർവ കലാശാലകളെ ശാക്തീകരിച്ച്, സം സ്ഥാനത്തിനു പുറത്തുനിന്നും വിദേശത്തുനിന്നും വിദ്യാർത്ഥികളെ ആകർഷിച്ച് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ